# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 165 10.06.2013 ൽ മറുപടിക്ക്

## കണ്ണൂർ എയർപോർട്ടിനായി വിവിധ സർക്കാരുകൾ ഏറ്റെടുത്ത ഭൂമി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.ജെയിംസ് മാത്യു : | | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | കണ്ണൂർ എയർപോട്ടിനായി മുൻ നായനാർ സർക്കാരിന്റെ കാലത്ത് ഏറ്റെടുത്ത ഭൂമി എത്രയായിരുന്നു; ഇതിന്റെ തുടർച്ചയായി 2001- 2006 കാലയളവിൽ യു.ഡി.എഫ് സർക്കാരിന്റെ കാലത്ത് ഏറ്റെടുത്ത ഭൂമി എത്ര; 2006-2011 കാലയളവിൽ എൽ.ഡി. എഫ്. സർക്കാർ ഏറ്റെടുത്ത ഭൂമി എത്ര; ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പുതുതായി എത്ര ഭൂമി ഏറ്റെടുക്കുന്നതിനു നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിട്ടുണ്ട്; | (എ) | കണ്ണൂർ എയർപോർട്ടിനായി മുൻ നായനാർ സർക്കാരിന്റെ കാലത്ത് 192.16 ഏക്കർ സ്ഥലം സർക്കാർ ഏറ്റെടുത്തിരുന്നു. 2001-2006 കാലയളവിൽ യു.ഡി.എഫ് സർക്കാരിന്റെ കാലത്ത് ഭൂമിയൊന്നും ഏറ്റെടുത്തിട്ടില്ല. 2006-11 കാലയളവിൽ എൽ.ഡി.എഫ് സർക്കാർ 1086 ഏക്കർ ഭൂമി ഏറ്റെടുത്തിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കണ്ണൂർ എയർപോർട്ടിന് ഭൂമി ഏറ്റെടുക്കുന്നതിനു വേണ്ടി നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിട്ടില്ല. |

| | | | |
|---|---|---|---|
| (ബി) | മുൻ സർക്കാരിന്റെ കാലത്ത് എയർപോർട്ട് കമ്പനിയുടെ മൊത്തം എന്തു തുകയുടെ ഓഹരി ലഭിക്കുന്നതിന് നിശ്ചിത ശതമാനം തുക അടച്ച് അപേക്ഷിച്ചിട്ടുണ്ടായിരുന്നു; അപേക്ഷിച്ചവർ മൊത്തം എത്ര; | (ബി) | മുൻ സർക്കാരിന്റെ കാലത്ത് കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവള കമ്പനിയുടെ 10,14,000 (പത്ത് ലക്ഷത്തി പതിനാലായിരം) ഓഹരി ലഭിക്കുന്നതിനായി10,14,00,000 (പത്ത് കോടി പതിനാല് ലക്ഷം) രൂപയുടെ അപേക്ഷകൾ 4 പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും ലഭിച്ചിരുന്നു. ഇതു കൂടാതെ കമ്പനി ആവശ്യപ്പെടാതെ തന്നെ 6093 (ആറായിരത്തി തൊണ്ണൂറ്റി മൂന്ന്) ൽ പരം വ്യക്തികളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നുമായി 1,77,81,371 ( ഒരു കോടി എഴുപത്തിയേഴ് ലക്ഷത്തി എൺപത്തൊന്നായിരത്തി മുന്നൂറ്റി എഴുപത്തൊന്ന്) ഓഹരികൾക്കായി മൊത്തം 177,81,37,100 രൂപ (നൂറ്റി എഴുപത്തിയേഴ് കോടി എൺപത്തിയൊന്ന് ലക്ഷത്തി മുപ്പത്തേഴായിരത്തി ഒരു നൂറ് രൂപ) യുടെ അഭ്യർത്ഥനകൾ ലഭിച്ചിരുന്നു. |
| (സി) | എയർപോർട്ട് കമ്പനിയുടെ ആതറൈസ്ഡ്സ് ഷെയർ ക്യാപിറ്റൽ എത്ര; പെയ്ഡപ് ഷെയർ ക്യാപിറ്റൽ എത്ര? | (സി) | കണ്ണൂർ ഇന്റർനാഷണൽ എയർപോർട്ട് കമ്പനിയുടെ ആതറൈസ്ഡ് ഷെയർ ക്യാപിറ്റൽ 1000 കോടി രൂപയും പെയ്ഡ് ഷെയർ ക്യാപിറ്റൽ 31 മാർച്ച് 2013 തീയതിയിൽ 2,19,49,52,857 രൂപ (ഇരുനൂറ്റി പത്തൊൻപത് കോടി നാല്പത്തൊൻപത് ലക്ഷത്തി അൻപത്തി രണ്ടായിരത്തി എണ്ണൂറ്റി അൻപത്തിയേഴ് രൂപ)യുമാണ്. |

സെക്ഷൻ ഓഫീസർ.